"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ മെഡിക്കൽ കോളേജിൽ സബ് സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.185/2025/H&FWD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20.03.2023 തീയതിയിലെ മെ.വി.വ /1463/2023-പി 7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ മെഡിക്കൽ കോളേജിൽ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ചും നിർമ്മാണം പൂർത്തീകരിച്ചുവരുന്ന സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ പ്രവർത്തനത്തിനും അധിക വൈദ്യുതി ആവശ്യമായതിനാൽ 33 കെവി സബ് സ്റ്റേഷൻ ആശുപത്രി ക്യാംപസിനുള്ളിൽ സ്ഥാപിക്കേണ്ടതുണ്ടെന്നും ആയതിനാൽ 33 കെവി സബ് സ്റ്റേഷൻ, സെക്ഷൻ ഓഫീസ്, ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ഭൂമി പാട്ട വ്യവസ്ഥയിൽ കെ.എസ്.ഇ.ബി യ്ക്ക് കൈമാറുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേൽ പരാമർശം പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അധിക വൈദ്യുതി ആവശ്യത്തിലേക്കായി ആശുപത്രി ക്യാംപസിനുള്ളിൽ 33 കെവി സബ് സ്റ്റേഷൻ, സെക്ഷൻ ഓഫീസ്, ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ആശുപത്രിയുടെ പടിഞ്ഞാറേ അതിർത്തിയിൽ വെളപ്പായ വില്ലേജിൽ സർവ്വേ നം.3/1 ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി പാട്ട വ്യവസ്ഥയിൽ കെ.എസ്.ഇ.ബി യ്ക്ക് കൈമാറുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഭൂമി പാട്ട വ്യവസ്ഥയിൽ കൈമാറുന്നതിനായി നിലവിലുള്ള നിയമപരമായ

നടപടിക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുവെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
സൂപ്രണ്ട്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ& ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് - ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്
റവന്യൂ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം
Signed by
P. K. Santhosh
Date: 27-01-2025 10:50:28
സെക്ഷൻ ഓഫീസർ